## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1418 03.12.2015-ലെ മറുപടിക്ക്

## തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതൊക്കെ റോഡു പ്രവൃത്തികൾക്ക് ഏതൊക്കെ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചെന്ന് വിശദമാക്കാമോ ;<br><br>(ബി) ഈ ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി മണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിരത്തുവിഭാഗം നടത്തിയ പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി വച്ചിരിക്കുന്നു. കൂടാതെ കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി നിയോജക മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന തലശ്ശേരി - വളവുപാറ റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. 53.12 കി.മീ ദൈർഘ്യമുള്ള ഈ റോഡിന്റെ നിർമ്മാണ കരാർ 234.99 കോടി രൂപയ്ക്ക് M/s SACYR-ESSAR J.V എന്ന കമ്പനി ഏറ്റെടുത്ത് നിർമ്മാണം തുടങ്ങി. ഏകദേശം 7 ശതമാനം പണികൾ പൂർത്തിയാക്കിയ ശേഷം ഈ നിർമ്മാണ പ്രവൃത്തി കാര്യമായ പുരോഗതി കൈവരിക്കാത്ത-തിനാൽ കരാർ റദ്ദാക്കുകയുണ്ടായി. ഇതിനെ തുടർന്ന് ഈ റോഡിന്റെ നിർമ്മാണ കരാർ രണ്ട് റീച്ചുകളായി ടെണ്ടർ ചെയ്യുകയും ആദ്യത്തെ റീച്ചായ തലശ്ശേരി → |

മുതൽ കളറോഡ് വരെയുള്ള റോഡ് 156.33 കോടി രൂപയ്ക്ക് M/s Dinesh Chandra.R, Agarwal infracon Private Ltd എന്ന കമ്പനിയ്ക്ക് 26.11.2015-ൽ കരാർ നൽകിയിരിക്കുകയുമാണ്.

എഗ്രിമെന്റ് വച്ച് ഈ കമ്പനി ഉടൻ തന്നെ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതാണ്. കളറോഡ് മുതൽ വളവുപാറ വരെയുള്ള രണ്ടാം റീച്ചിന്റെ ടെണ്ടർ നൽകുന്നതിനുള്ള സൂക്ഷ്മ പരിശോധന അന്തിമ ഘട്ടത്തിലാണ്.

ദേശീയപാതാ വിഭാഗത്തിൻ കീഴിൽ തലശ്ശേരി നാദാപുരം റോഡ് കി.മീ 1/100 മുതൽ 3/600 വരെയും 6/200 മുതൽ 9/400 വരെയും കേന്ദ്ര റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഈ റോഡ് കി.മീ 6/200 മുതൽ 9/400 വരെ മെക്കാഡം ടാറിങ് പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ 1/100 മുതൽ 3/600 വരെ പൈപ്പ് റീഫോർമേഷൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ബഡ്ജറ്റ് വർക്ക്- 2011-12 (എ) (ബി)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | ചിറക്കുനി-അണ്ടല്ലൂർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | G.O (Rt) No. 1540/2011/PWD dated 09.11.2011 | 75 | പ്രവൃത്തി പൂർത്തിയായി |
| 2 | പള്ളിക്കുനി-പെരിങ്ങാടി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി | G.O (Rt) No. 1540/2011/PWD dated 09.11.2011 | 200 | പ്രവൃത്തി പൂർത്തിയായി |
| 3 | തലശ്ശേരി-കോടിയേരി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി-ബി.എം & ബി.സി ഉപയോഗിച്ച്- Phase II | G.O (Rt) No. 1540/2011/PWD dated 09.11.2011 | 250 | പ്രവൃത്തി പൂർത്തിയായി |
| 4 | ചൊക്ലി പൂക്കോം-മാടപ്പീടിക റോഡിൽ കി.മീ 0/000 മുതൽ 2/500 വരെ പുനരുദ്ധാരണ പ്രവൃത്തി | G.O (Rt) No. 1540/2011/PWD dated 09.11.2011 | 200 | പ്രവൃത്തി പൂർത്തിയായി |

ബഡ്ജറ്റ് വർക്ക്-2012-13

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | മേക്കുന്ന്-മോന്താൽ റോഡിൽ കി.മി 0/000 മുതൽ 3/180 വരെ പുനരുദ്ധാരണ പ്രവൃത്തി | G.O (Rt) No. 209/2014/PWD dated 11.02.2014 | 300 | പ്രവൃത്തി പൂർത്തിയായി |

ബഡ്ജറ്റ് വർക്ക്-2013-14

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | മാഹിപ്പാലം-ചൊക്ലി റോഡിൽ കി.മീ 0/000 മുതൽ 3/340 വരെ പുനരുദ്ധാരണ പ്രവൃത്തി | G.O (Rt) No. 313/2013/PWD dated 02.03.2013 | 300 | പ്രവൃത്തി പൂർത്തിയായി |

നബാർഡ്-2013-14

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | കാഞ്ഞിരത്തിൻകിഴിൽ-മത്തിപ്പറമ്പ് റോഡിൽ കി.മീ 0/000 മുതൽ 2/200 വരെ പുനരുദ്ധാരണ പ്രവൃത്തി (ചൊക്ലി ഗ്രാമപഞ്ചായത്ത്) | G.O (Rt) No. 1944/2012/PWD dated 20.11.2012 | 285 | പ്രവൃത്തി പൂർത്തിയായി |
| 2 | ചൊക്ലി-പെരിയാണ്ടി സ്കൂൾ-പന്ന്യന്നൂർ-അരയാക്കൂൽ-മൊകേരി വയൽ കി.മീ 2/110 മുതൽ 3/905 വരെയും 3/985 മുതൽ 5/000 വരെയും മൂന്നാമത്തെ റീച്ച് വിതി കൂട്ടി ടാർ ചെയ്യൽ | G.O (Rt) No. 251/2014/PWD dated 18.02.2014 | 175 | പ്രവൃത്തി പുരോഗമിക്കുന്നു. |

ആസ്തി വികസന ഫണ്ട് 2012-13

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | തലശ്ശേരി പുതിയ ബസ്സ് സ്റ്റാൻഡ് മുതൽ എ.വി.കെ നായർ റോഡ് വരെ ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി | G.O (Rt) No. 222/2013/PWD dated 13.02.2013 | 100 | പ്രവൃത്തി പൂർത്തിയായി |

### ആസ്തി വികസന ഫണ്ട് 2013-14

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | ചൊക്ലി-പെരിയാണ്ടി സ്കൂൾ-പന്ന്യന്നൂർ-അരയാക്കൂൽ-മൊകേരി വയൽ കി.മീ 0/00 മുതൽ 3/00 വരെ മൂന്നാമത്തെ റീച്ച് വിതി കൂട്ടി ടാർ ചെയ്യൽ | G.O (Rt) No. 419/2013/PWD dated 27.09.2013 | 100 | പ്രവൃത്തി പുരോഗമിക്കുന്നു. |

### ആസ്തി വികസന ഫണ്ട് 2015-16

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | മേനപ്രം അമ്പലം-കീഴ്മാടം റോഡ് കി.മീ 0/000 മുതൽ 1/500 വരെ | G.O (Rt) No. 2020/2015/LSGD/15 dated 04.07.2015 | 100 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

### വൺടൈം-മെയിന്റനൻസ് പ്രവൃത്തികൾ- 2015-16

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | തുക (ലക്ഷത്തിൽ) | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | തോട്ടുമ്മൽ-കതിരൂർ റോഡിൽ കി.മീ 0/000 മുതൽ 2/400 വരെ റോഡ് പുനരുദ്ധാരണം | Department GO(MS) No. 76/2015/PWD dated 18.09.2015 Thiruvananthapuram | 250 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 2 | ലോഗൻസ് റോഡിൽ കി.മീ 0/000 മുതൽ 0/620 വരെ പുനരുദ്ധാരണം | Department GO(MS) No. 76/2015/PWD dated 18.09.2015 Thiruvananthapuram | 50 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| 3 | ജൂബിലി റോഡിൽ കി.മി 0/000 മുതൽ 1/260 വരെ പുനുരുദ്ധാരണം | Department GO(MS) No. 76/2015/PWD dated 18.09.2015 Thiruvananthapuram | 100 | ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |